പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1582 11.02.2013- ലെ മറുപടി

## വിദേശരാജ്യങ്ങളിൽ ജയിൽശിക്ഷ അനുഭവിക്കുന്ന മലയാളികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശ മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) ചികിത്സാ സഹായം, മരണാനന്തര സഹായം, വിവാഹധനസഹായം, ക്രച്ചസ് വാങ്ങുന്നതിന് എന്നിവയ്ക്കായി സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ പദ്ധതികൾ നിലവിലുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്ന് പ്രവാസി മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് നിബന്ധനകൾക്കനുസൃതമായി തിരികെ നൽകുന്നതിനായി കാരുണ്യം പദ്ധതി നിലവിലുണ്ട്. സൗജന്യ അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് നോർക്ക – റൂട്ട്സ് മുഖാന്തിരം നൽകിവരുന്നുണ്ട് കേരള പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് നിബന്ധനകൾക്കനുസൃതമായി പെൻഷൻ , ചികിത്സാ സഹായം, മരണാനന്തര സഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നിവ നൽകാൻ വ്യവസ്ഥയുണ്ട്. |
| (ബി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ അകപ്പെട്ടിട്ടുണ്ട്; ഇവർ ഏതൊക്കെ കുറ്റങ്ങൾക്കാണ് ജയിലിലടയ്ക്കപ്പെട്ടത് എന്ന് അറിയുമോ ; | (ബി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |

(സി) ജയിലിലടയ്ക്കപ്പെട്ട മലയാളികളുടെ ബന്ധുക്കളിൽ നിന്നും എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; ആരിൽ നിന്നൊക്കെയാണ് നിവേദനങ്ങൾ ലഭിച്ചത്; വ്യക്തമാക്കുമോ;

(ഡി) ഇവരുടെ മോചനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും എന്തൊക്കെ കാര്യങ്ങൾ ചെയ്തു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി & ഡി) 1996 – ലാണ് നോർക്ക വകുപ്പ് സർക്കാരിൽ നിലവിൽ വരുന്നത് നിയമപ്രകാരം വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുമായും കേന്ദ്ര മന്ത്രാലയങ്ങളുമായും നേരിട്ട് ഇടപെടുന്നതിനും മാത്രമെ സംസ്ഥാന സർക്കാരിന് അധികാരമുള്ളൂ.. കൂടാതെ വിദേശ രാജ്യങ്ങളിൽ പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് ഈ വകുപ്പിന്റെ ചുമതലകളിൽപ്പെട്ടതാണ് . ഈ അധികാരം വിനിയോഗിച്ച് നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തരഅന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. ഈ കാര്യത്തിൽ ഗൾഫിലെ സാമൂഹ്യ പ്രവർത്തകരും മലയാളി സംഘടനകളും സഹായകമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വകുപ്പ് രൂപീകൃതമായ കാലം മുതൽ ജയിൽ മോചനത്തിനായിട്ടുള്ള ആയിരക്കണക്കിന് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളതിനാലും വകുപ്പിൽ രേഖകൾ ക്രോഡീകരിക്കുന്നതും കൈകാര്യം ചെയ്യുന്നതും സൂക്ഷിക്കുന്നതും ജയിൽ കേസ്സുകൾ മാനദണ്ഡമാക്കിയല്ല എന്നതിനാലും നിവേദനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുക പ്രായോഗികമായി സാധ്യമല്ല..

സെക്ഷൻ ഓഫീസർ